പതിമൂന്നാം കേരളനിയമസഭ
പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ : 160

07.12.2015 ൽ മറുപടിക്ക്

## നിർഭയ കേരളം പദ്ധതി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.മുല്ലക്കര രത്നാകരൻ<br>,, വി.എസ്.സുനിൽ കുമാർ<br>,, ചിറ്റയം ഗോപകുമാർ<br>,, കെ.അജിത് | ശ്രീ. രമേശ് ചെന്നിത്തല<br>ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി |
| (എ) സംസ്ഥാനത്ത് നിർഭയ കേരളം പദ്ധതി പൂർണ്ണമായും നടപ്പാക്കാൻ കഴിഞ്ഞിട്ടുണ്ടോ; ഇല്ലെങ്കിൽ പ്രസ്തുത പദ്ധതി പൂർണ്ണമായും നടപ്പാക്കാൻ കഴിയാതിരുന്നത് എന്തുകൊണ്ടാണെന്ന് വ്യക്തമാക്കുമോ; | (എ) 2014-15 ലെ ബഡ്ജറ്റിൽ പ്രഖ്യാപിച്ച പദ്ധതി നടപ്പിലാക്കുവൻ 7 കോടി രൂപയാണ് ചെലവ് പ്രതീക്ഷിച്ചിരുന്നത്. ഫണ്ടിന്റെ അപര്യാപ്തതമൂലം പദ്ധതി പൂർണ്ണമായും നടപ്പിലാക്കാൻ സാധിച്ചിട്ടില്ല. |
| (ബി) സംസ്ഥാനത്ത് ദുരൂഹ സാഹചര്യത്തിൽ കാണാതാകുന്നവരുടെ എണ്ണം വർദ്ധിച്ചു വരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത്തരത്തിൽ കാണാതാകുന്നവരെ കണ്ടുപിടിക്കുന്നതിന് പ്രത്യേകമായ എന്തെങ്കിലും സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടോ; പ്രസ്തുത സംവിധാനങ്ങൾ നിലവിൽ വന്നതിനുശേഷം കാണാതായ എത്ര പേരെ കണ്ടെത്താനായിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ; | (ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (സി) ഇ - ബീറ്റ് പദ്ധതി വിജയകരമായി നടപ്പാക്കാൻ കഴിയാതെ പോയത് എന്തുകൊണ്ടാണെന്ന് വിശദമാക്കുമോ? | (സി) ഇ-ബീറ്റ് പദ്ധതി നടപ്പിലാക്കാൻ കരാർ എടുത്ത M/s. Wifinity Technology, Bangalore എന്ന കമ്പനി കരാർ പ്രകാരമുള്ള ഇൻസ്റ്റലേഷൻ, കമ്മീഷനിംഗ്, ട്രെയിനിംഗ് എന്നിവ പൂർണ്ണമായും നടപ്പിലാക്കാത്തതിനാലും ടി പദ്ധതി നടപ്പിലാക്കാൻ വാങ്ങിയ റീഡറുകൾ തകരാറിലായതുകാരണവുമാണ് പദ്ധതി വിജയകരമായി നടപ്പാക്കുവാൻ കാലതാമസം ഉണ്ടായത്. |

Rajani.M

സെക്ഷൻ ഓഫീസർ

87